DESPATCHED
On.26/2/2020

6/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം-695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic@kerala.nic.in

ഹർജി നമ്പർ **CP 495(6)/2015/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.5650/SIC-Gen5/2015**

**സന്നിഹിതൻ**
**ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. ദേവരാജ്,
റോഡരികത്ത് പുത്തൻ വീട്,
മലയിൻകാവ്, ചെറിയകൊല്ല പി.ഒ.,
തിരുവനന്തപുരം. 695 504.
} പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
കുന്നത്തുകാൽ ഗ്രാമ പഞ്ചായത്ത്,
കാരക്കോണം പി.ഒ., തിരുവനന്തപുരം-695 504.
} എതിർകക്ഷി

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 11.12.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 7.1.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 13.4.2015 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 15.4.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 12.5.2016, 24.1.2020 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 29.5.2015, 5.2.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 6.2.2020, കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗ് സാന്നിദ്ധ്യം | എതിർകക്ഷി ഹാജരായി. പരാതി ഹർജിക്കാരൻ ഹാജരായില്ല. |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ദേവരാജ്, കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ നാളിതുവരെ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ടിയാൻ 16.6.2016 തീയതി ഇൻവേഡ് നമ്പർ 4930 പ്രകാരം എതിർകക്ഷി ഓഫീസിൽ നൽകിയ പരാതിയിന്മേൽ ബന്ധപ്പെട്ട

എതിർകക്ഷിക്ക് ഓഫീസിൽ നിന്നും 1.7.2014 തീയതി എ1-4930/14-ാം നമ്പർ പ്രകാരം അയച്ച കത്തിന്റെ പകർപ്പ് നൽകണമെന്നാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ 1.7.2014 തീയതി മറുപടി തയ്യാറാക്കി 9.1.2015 തീയതി ആയത് ഹർജിക്കാരന് അയച്ചു നൽകിയിരുന്നു എന്നും ആയതിന്റെ പകർപ്പും ബന്ധപ്പെട്ട ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്ററിന്റെ പകർപ്പും കമ്മീഷൻ മുമ്പാകെ ഹാജരാക്കുന്നു എന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ എതിർകക്ഷി സമയബന്ധിതമായി വിവരങ്ങളും മറുപടിയും നൽകിയിരുന്നു എന്നു കാണുന്നു. ആയതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 6-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk

RIGHT TO INFORMATION